KOLLAM CITY POLICE
https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 24/12/ 2019

# രാത്രികാല സുരക്ഷിത യാത്ര: സ്ത്രീകൾക്കും കുട്ടികൾക്കും

കൊല്ലം: സംസ്ഥാനത്തു ആദ്യമായി സ്ത്രീകൾക്കും കുട്ടികൾക്കും രാത്രികാലങ്ങളിൽ സുരക്ഷിതവും നിർഭയമായും സഞ്ചരിക്കാൻ കേരള പോലീസ് നടപ്പിലാക്കുന്ന 'സുരക്ഷിത' പദ്ധതി ഇന്ന് മുതൽ ജനുവരി 31 വരെ കൊല്ലം സിറ്റിയിൽ നടപ്പിലാക്കും. വ്യാപാരോത്സവം സമാപിക്കുന്ന ജനുവരി 31 വരെ 'സുരക്ഷിത' തുടരുമെന്ന് സിറ്റി പോലീസ് കമ്മീഷണർ ശ്രീ. പി. കെ മധു ഐ.പി.എസ് അറിയിച്ചു.

വനിത പോലീസ് ഉദ്യോഗസ്ഥരും നിർഭയ വോളണ്ടിയർമാർ പരിശീലനം സിദ്ധിച്ച വിവിധ സംഘടനകളിലെ സ്ത്രീ വോളണ്ടിയർമാർ, ജനമൈത്രി സുരക്ഷ പ്രവർത്തകർ, കായിക സംഘടനകളുടെ വനിത പ്രവർത്തകർ തുടങ്ങിയവർ ഉൾപ്പെട്ട വിവിധ ടീമുകളായി നഗരത്തിലെ പ്രധാനപ്പെട്ട ഷോപ്പിങ്ങ് മാളുകൾ, റെയിൽവേ സ്റ്റേഷൻ, ബസ് സ്റ്റാൻഡുകൾ, ബീച്ചു എന്നിവിടങ്ങളിൽ സ്ത്രീകൾക്കും കുട്ടികൾക്കും രാത്രികാലങ്ങളിൽ നിർഭയമായി സഞ്ചരിക്കാൻ സുരക്ഷയൊരുക്കും. കൊല്ലം പട്ടണത്തെ രാത്രികാല സഞ്ചാരത്തിന് ഉതകുന്ന വിധത്തിൽ വിഭജിച്ചു.

**ചിന്നക്കട – കെ.എസ.ആർ.ടി.സി ജംഗ്. – ആശ്രമം – ചിന്നക്കട**

**ചിന്നക്കട – മാർക്കറ്റ് ഭാഗം – താമരക്കുളം – ബീച്ച്**

**കൊല്ലം ബീച്ചും പരിസരവും** രാത്രി 8 മുതൽ പുലർച്ചെ വരെ പോലീസ് ടീമുകൾ സുരക്ഷ വലയം ഒരുക്കും.

വനിത പോലീസ് ഉദ്യോഗസ്ഥരും, സിവിൽ പോലീസ ഉദ്യാഗസ്ഥരും മഫ്തിയിലായിരിക്കും സുരക്ഷ വലയത്തിൽ അണിചേരുക. പ്രധാനമേഖലകളിൽ വിമൻ ഹെൽപ്പ് ഡെസ്ക്കുകൾ സ്ഥാപിക്കും.പിങ്ക് പെട്രോൾ, കൺട്രോൾ റും വാഹനങ്ങൾ എന്നിവർ സഹായത്തിനായ് ഉണ്ടാവും.

സ്ത്രീകളുടെയും കുട്ടികളുടെ.ും സുരക്ഷക്ക് ഭീഷണി ഉയർത്തുന്നവരെ കണ്ടെത്തിയാൽ കർശന നടപടികൾ എടുക്കും. രാജ്യത്തെ മറ്റ് മെട്രോ നഗരങ്ങളുടെ മാതൃക യിൽ കൊല്ലത്തും രാത്രികാല യാത്ര സുരക്ഷ നടപ്പിലാക്കുകയാണ് ലക്ഷ്യം.

സിറ്റി പോലീസ് കമ്മീഷണർ ശ്രീ. പി. കെ മധു ഐ.പി.എസ് ന്റെ മേൽ നോട്ടത്തിലുള്ള പദ്ധതിയുടെ നടത്തിപ്പ് ചുമതല എ.സി.പി ശ്രീ. പ്രതീപ് കുമാറിനാണ്.

**പിങ്ക് കൺട്രോൾ റും – 1515**

**ക്രൈം സ്റ്റോപ്പർ – 1090**

**പോലീസ് കൺട്രോൾ റും – 112**

**സിറ്റി സ്പെഷ്യൽ ബ്രാഞ്ച് – 0474-2742265**

**എ.സി.പി, കൊല്ലം – 9497990025**

**കൊല്ലം ഈസ്റ്റ് – 9497987030**